

അഡ്വ. പി.ബാലഗംഗാധരമേനോൻ
സ്മരണ

ബനാറസ് ഹിന്ദു സർവകലാശാല സ്ഥാപിച്ചത് പണ്ഡിത് മദൻ മോഹൻ മാളവ്യ ആണ്. അലിഗർ സർവകലാശാല സ്ഥാപിച്ചത് സർ സയ്യിദ് അഹമ്മദ് ഖാനാണ്. അണ്ണാമലസർവകലാശാലയുടെ സ്ഥാപകൻ രാജ സർ അണ്ണാമല ചെട്ടിയാരാണ്. കേരളത്തിൽ ഈ മഹാന്മാരുടെ പാത പിൻതുടർന്നിട്ടുള്ളത് തങ്ങൾകുഞ്ഞു മുസലിയാർ മാത്രമാണ്.

ജനാബ് തങ്ങൾകുഞ്ഞു മുസലിയാർ ജന്മശതവാർഷിക വേളയിൽ
മുസലിയാരെ അനുസ്മരിച്ച് പ്രശസ്ത അഭിഭാഷകനും
തൊഴിൽബന്ധ നിയമവിശാരദനുമായിരുന്ന പരേതനായ
അഡ്വ.പി. ബാലഗംഗാധരമേനോൻ എഴുതിയതാണിത്.
നിയമവാഴ്ചയിൽ വിശ്വാസമുണ്ടായിരുന്ന മുസലിയാർ
നിയമത്തെ മറികടന്ന് ഒന്നും പ്രവർത്തിക്കാറില്ല.
അതിന്റെ ഒരു കാരണം നിയമവാഴ്ചയോടു
അദ്ദേഹത്തിനുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസമായിരുന്നു

നിയമവാഴ്ചയെ സ്നേഹിച്ച തങ്ങൾകുഞ്ഞു മുസലിയാർ

കേരളത്തിലെ വ്യവസായ പ്രമുഖനും പത്രപ്രവർത്തകനും പരോപകാരിയും ആയിരുന്ന തങ്ങൾകുഞ്ഞു മുസലിയാരുടെ ജന്മശതവാർഷികം ആഘോഷിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തിലേക്കു ഒന്നു എത്തി നോക്കുകമാത്രമാണ് ഞാൻ ഈ ചെറിയ ലേഖനംകൊണ്ട് ഉദ്ദേശിക്കുന്നത്.

തങ്ങൾകുഞ്ഞു മുസലിയാരെ എനിക്ക് നേരിട്ട് പരിചയമുണ്ടായിരുന്നു. കൊല്ലത്തെ കശുവണ്ടി ഫാക്ടറികളിൽ ജോലിയെടുത്തിരുന്ന തൊഴിലാളി യൂണിയനുകളുടെ അഭിഭാഷകൻ എന്ന നിലയിലായിരുന്നു ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടിരുന്നത്. ഞാൻ നിരവധി തൊഴിൽ തർക്കകേസുകളിൽ തങ്ങൾ കുഞ്ഞു മുസലിയാർക്കെതിരായി തൊഴിലാളികൾക്കുവേണ്ടി കോടതിയിൽ ഹാജരായിട്ടുണ്ട്. എന്നാൽ അന്നും എനിക്കദ്ദേഹത്തോട് ബഹുമാനമാണുണ്ടായിരുന്നത്. തൊഴിലാളികൾ തെറ്റു ചെയ്താൽ മുസലിയാർ കണ്ണടക്കാറില്ല. തൊഴിലാളികൾ അച്ചടക്ക ലംഘനം വരുത്തിയാൽ മുസലിയാർ ശിക്ഷാനടപടികൾ എടുക്കാൻ മടിക്കാറില്ല. മുസലിയാർ കീഴ്ക്കോടതിയിൽ കേസുകൾ തോറ്റാൽ ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കും. അവിടെയും പരാജയപ്പെട്ടാൽ അദ്ദേഹം അന്തിമവിധി അക്ഷരം പ്രതി നടപ്പാക്കുകയും ചെയ്യും. നിയമവാഴ്ചയിൽ വിശ്വാസമുണ്ടായിരുന്ന മുസലിയാർ നിയമത്തെ മറികടന്ന് ഒന്നും



എ.തങ്ങൾകുഞ്ഞുമുസലിയാർ (1897- 1966)

പ്രവർത്തിക്കാറില്ല. അതിന്റെ ഒരു കാരണം നിയമവാഴ്ചയോടു അദ്ദേഹത്തിനുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസമായിരുന്നു.

മുസലിയാർ സ്നേഹസമ്പന്നനും ദയാലുവുമായിരുന്നു. തൊഴിലാളികളുടെ വേതനകാര്യങ്ങളിൽ അദ്ദേഹം എന്നും പുരോഗമന ചിന്താഗതിയാണ് പുലർത്തിയിരുന്നത്. കേരളത്തിലെ കശുവണ്ടി രാജാവ് എന്ന അപരനാമധേയത്തിൽ അറിഞ്ഞിരുന്ന മുസലിയാർ വ്യവസായത്തിൽ നിന്നുണ്ടാക്കിയ ലാഭത്തിന്റെ വലിയ ഭാഗം സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടി മാറ്റിവയ്ക്കുകയാണ് ചെയ്തത്. ഇന്നു കേരളത്തിലെ മറ്റൊരു വ്യവസായിയും ചെയ്യാത്ത കാര്യമാണ്. കേരളത്തിലെ ഏറ്റവും പ്രശസ്തമായ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് അദ്ദേഹത്തിന്റെ മാത്രം സംഭാവനയാണ്. ഒരാളുടെ സമ്പാദ്യംകൊണ്ടു മാത്രം പടുത്തുയർത്തിയ ഈ പ്രശസ്ത സാങ്കേതിക വിദ്യാലയത്തിന്റെ രൂപീകരണത്തിനു ശ്രീ. തങ്ങൾകുഞ്ഞു മുസലിയാർ നൽകിയ സഹായം എത്രകണ്ട് അഭിനന്ദിച്ചാലും മതിയാവുകയില്ല. ബനാറസ് ഹിന്ദു സർവകലാശാല സ്ഥാപിച്ചത് പണ്ഡിത് മദൻ മോഹൻ മാളവ്യ ആണ്. അലിഗർ സർവകലാശാല സ്ഥാപിച്ചത് സർ സയ്യിദ് അഹമ്മദ് ഖാനാണ്. അണ്ണാമല സർവ കലാശാലയുടെ സ്ഥാപകൻ രാജ സർ അണ്ണാമല ചെട്ടിയാരാണ്. കേരളത്തിൽ ഈ മഹാന്മാരുടെ പാതപിൻതുടർന്നിട്ടുള്ളത് തങ്ങൾ കുഞ്ഞുമുസലിയാർ മാത്രമാണ്. അദ്ദേഹം ഒരു വ്യവസായി മാത്രമായിരുന്നില്ല. പണ്ഡിതനും കൂടിയായിരുന്നു. കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസത്തിന് തങ്ങൾകുഞ്ഞുമുസലിയാർ നൽകിയ സംഭാവന എല്ലാ കാലത്തും കേരളീയർ ഓർമ്മിക്കും.